5. ആലപ്പുഴ-അർത്തുങ്കൽ റോഡിൽ മാളികമുക്ക് മുതൽ-തുമ്പോളി ജംഗ്ഷൻ വരെ ഉപരിതലം പുതുക്കൽ

6. ചുടുകാട് ജംഗ്ഷൻ-തുമ്പോളി ജംഗ്ഷൻ റോഡ് ഉപരിതലം പുതുക്കൽ

മുകളിൽ സൂചിപ്പിച്ച പണികളുടെ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗം

1. ദേശീയപാതാ 47-ൽ കി.മി. 400/400 മുതൽ 438/00 വരെയുള്ള ഭാഗത്ത് പേവ്ട് ഷോൾഡേഴ്സ് നിർമ്മിക്കുന്ന പണി

കരാറുകാരന് സൈറ്റ് കൈമാറിക്കഴിഞ്ഞു. പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. ആലപ്പുഴ ബൈപ്പാസിന്റെ രണ്ടാം ഘട്ടം

പ്രസ്തുത പണിക്ക് 6.7 കോടിരൂപയും കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഇത് ടെണ്ടർ ചെയ്യുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും

63 (1373) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി നടന്നുവരുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവായി എന്ന് അറിയിക്കുമോ ;

(ഡി) ഈ മൂന്ന് വിഭാഗങ്ങളിലും തുടങ്ങാനിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ;

(ഇ) വെറ്റിലപ്പാറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രധാനപ്പെട്ട റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു :

1. ചാലക്കുടി-ആനമല റോഡ് പരിഷ്ക്കരണം കി.മീ.0/00 മുതൽ 40/00 കി. മീ. വരെ
2. പറയൻതോട് പാലം
3. മാംപ്ര-കൂട്ടാലപ്പാട് റോഡ് പരിഷ്ക്കരണം
4. ചാലക്കുടി-വെള്ളിക്കുളങ്ങര റോഡ് പരിഷ്ക്കരണം
5. ചാലക്കുടി-ആനമല റോഡിൽ കി.മീ.29/00 മുതൽ 30/300 കി. മീ. വരെ പാർശ്വഭിത്തി കെട്ടലും കൽവർട്ടുകളുടെ പണിയും
6. ചാലക്കുടി-ആനമല ടൂറിസം റോഡ് കി.മീ. 33/800 പരിഷ്ക്കരണം (നബാർഡിന്റെ സഹായത്തോടെ)
7. പുത്തുരുത്തി പാലം.

ഇവ കൂടാതെ വിവിധ റോഡുകളുടെ ഉപരിതലം പുതുക്കൽ, സാധാരണ അറ്റകുറ്റപ്പണികൾ, പ്രത്യേക അറ്റകുറ്റപ്പണികൾ എന്നിവയും നടത്തി വരുന്നു.

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. പറയൻതോട് പാലത്തിന്റെ നിർമ്മാണവും, ചാലക്കുടി-ആനമല റോഡിന്റെ പാർശ്വഭിത്തി കെട്ടൽ, കൽവർട്ടുകളുടെ പണി, മാംപ്ര-കൂട്ടാലപ്പാടം റോഡിന്റെ വീതികൂട്ടലും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. ചാലക്കുടി-ആനമല ടൂറിസം റോഡിന്റെ 'വർക്ക് സൈറ്റ്' കൈമാറിയിട്ടുണ്ട്.

(സി) ഇതുവരെ 328 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) സാധാരണ ഗതിയിലുള്ള അറ്റകുറ്റപ്പണികൾക്ക് പുറമേ താഴെ പറയുന്ന പണികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

1. വെറ്റിലപാറയിൽ പാലം നിർമ്മാണം
2. ചാലക്കുടി പുഴയ്ക്ക് കുറുകെ വെട്ടുകടവിൽ പാലം
3. ചാലക്കുടി-ആനമല റോഡ് വാഴച്ചാൽ മുതൽ മലക്കപ്പാറ വരെയുള്ള ഭാഗത്തിന്റെ പരിഷ്ക്കരണം
4. കൊരട്ടി-പുളിക്കകടവ് റോഡിന്റെ പുനരുദ്ധാരണം
5. മുരിങ്ങൂർ ഏഴാറ്റുമുക്കം റോഡിന്റെ പരിഷ്ക്കരണം

(ഇ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly